©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

വാല്യം 7
Vol. VII

തിരുവനന്തപുരം,
ചൊവ്വ
Thiruvananthapuram,
Tuesday

2018 ആഗസ്റ്റ് 21
21st August 2018
1194 ചിങ്ങം 5
5th Chingam 1194
1940 ശ്രാവണം 30
30th Sravana 1940

നമ്പർ
No.
34

# PART III

# Industries Department

### പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ആന്റ് വ്യവസായ സഹകരണ സംഘം രജിസ്ട്രാറുടെ നടപടിക്രമം

(ഹാജർ : രാജ്മോഹൻ, ജി.)

നമ്പർ വി1/2630/2018. 2018 ജൂലൈ 20.

വിഷയം:—വ്യവസായം—ദി സ്മാൾ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ S.IND (P) 110 —ലിക്വിഡേറ്റർ നിയമനം—ഉത്തരവാകുന്നത്—സംബന്ധിച്ച്.

വായന:—26-4-2018-ലെ ജൂനിയർ സഹകരണ ഇൻസ്പെക്ടർ (വ്യവസായം), താലൂക്ക് വ്യവസായ ഓഫീസ്, ഒറ്റപ്പാലത്തിൽ നിന്നുള്ള ജെ. സി. ഐ./ഒറ്റപ്പാലം/1/2018-ാം നമ്പർ കത്ത്.

ദി സ്മാൾ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ S.IND (P) 110, ഷൊർണ്ണൂർ എന്ന സംഘം 15-3-1994-ൽ രജിസ്റ്റർ ചെയ്ത വ്യവസായ സഹകരണ സംഘമാണ്. കാർഷിക ഉപകരണങ്ങൾ നിർമ്മിക്കുക എന്നതായിരുന്നു സംഘത്തിന്റെ പ്രധാന ഉദ്ദേശം. എന്നാൽ സംഘം പ്രവർത്തനം ആരംഭിച്ചിരുന്നില്ല. സംഘത്തിൽ അവസാനമായി തെരഞ്ഞെടുപ്പ് നടന്നത് 7-9-2001-ൽ ആണ്. 6-9-2014-ൽ പ്രസ്തുത ഭരണ സമിതിയുടെ കാലാവധി അവസാനിച്ചിരുന്നു. പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തതായോ അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ചതായോ കാണുന്നില്ല എന്ന് സംഘം ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സംഘത്തിൽ ആകെ 13 മെമ്പർമാരാണ് ഉള്ളത്. മെമ്പർമാരിൽനിന്നും പിരിച്ചെടുത്ത ഷെയർ സംഖ്യ പാലക്കാട് ജില്ലാ സഹകരണ ബാങ്ക്, ഷൊർണ്ണൂർ ശാഖയിൽ സസ്പെൻസ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. സംഘം പ്രവർത്തനക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംഘം പ്രസിഡന്റിനോട് ചർച്ച

ചെയ്യുകയും സംഘാംഗങ്ങൾക്ക് സംഘം പ്രവർത്തനവുമായി മുന്നോട്ട് പോകുന്നതിന് താത്പര്യമില്ല എന്നും സംഘം ഇൻസ്പെക്ടർ അറിയിച്ചിട്ടുണ്ട്. ആയതിനാലാണ് ഈ ഉത്തരവ്.

**ഉത്തരവ്**

മേൽ പറഞ്ഞ സാഹചര്യത്തിൽ, എന്നിൽ നിക്ഷിപ്തമായ അധികാരങ്ങൾ മുൻനിർത്തി 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 2(b) അടിസ്ഥാനത്തിൽ ദി സ്മാൾ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ S.IND (P) 110, ഷൊർണ്ണൂർ എന്ന സംഘത്തെ സമാപ്തീകരിക്കുന്നതിനായി ജൂനിയർ സഹകരണ ഇൻസ്പെക്ടർ (വ്യവസായം), താലൂക്ക് വ്യവസായ ഓഫീസ്, ഒറ്റപ്പാലത്തിനെ ലിക്വിഡേറ്ററായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ എത്രയും പെട്ടെന്നുതന്നെ സംഘത്തിന്റെ ചുമതല ഏറ്റെടുക്കേണ്ടതും ഈ ഉത്തരവ് തീയതി മുതൽ 3 വർഷത്തിനകം സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുമാകുന്നു.

(ഒപ്പ്)

ജില്ലാ വ്യവസായ കേന്ദ്രം,
പാലക്കാട്.

രജിസ്ട്രാർ &
ജനറൽ മാനേജർ.

## ക്ലെയിം നോട്ടീസ്

[1969-ലെ കേരള സഹകരണ സംഘം ആക്ട് 21 പ്രകാരം രൂപകൽപ്പന ചെയ്തിരിക്കുന്ന ചട്ടം 69 പ്രകാരം]

നമ്പർ ലിക്വിഡേഷൻ/ജനറൽ/ഒറ്റപ്പാലം/2018(2).

2018 ജൂലൈ 31.

പാലക്കാട് ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജരുടെ 20-7-2018-ാം തീയതിയിലെ വി1/2630/2018-ാം നമ്പർ ഉത്തരവ് പ്രകാരം ദി സ്മാൾ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ S.IND (P) 110, ഷൊർണ്ണൂർ എന്ന വ്യവസായ സഹകരണ സംഘത്തിന്റെ ലിക്വിഡേറ്ററായി താലൂക്ക് വ്യവസായ ഓഫീസ്, ഒറ്റപ്പാലം ജൂനിയർ സഹകരണ ഇൻസ്പെക്ടറെ നിയമിച്ചിട്ടുള്ളതാണ്. ടി സംഘത്തിൽനിന്നും ആർക്കെങ്കിലും എന്തെങ്കിലും ലഭിക്കാനുണ്ടെങ്കിൽ ആ വിവരം ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തീയതി മുതൽ 2 മാസത്തിനകം ലിക്വിഡേറ്ററായ എന്നെ നേരിട്ടോ ചുമതലപ്പെടുത്തുന്ന ഏജന്റ് മുഖേനയോ രേഖാമൂലം അറിയിക്കണമെന്നുള്ള വിവരം എല്ലാ സംഘാംഗങ്ങളെയും ഇടപാടുകാരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. അതിനുശേഷം ലഭിക്കുന്ന ക്ലെയിമുകൾ യാതൊരു കാരണവശാലും പരിഗണിക്കപ്പെടുന്നതല്ല.

(ഒപ്പ്)

താലൂക്ക് വ്യവസായ ഓഫീസ്,
ഒറ്റപ്പാലം, പാലക്കാട്.

ലിക്വിഡേറ്റർ &
ജൂനിയർ സഹകരണ
ഇൻസ്പെക്ടർ.